പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 3015 07.12.2018 -ൽ മറുപടിക്ക്

## കോഡൂരിനെ മലപ്പുറം ടൗൺ എക്സ്ചേഞ്ചിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം മണ്ഡലത്തിലെ കോഡൂർ പഞ്ചായത്ത് പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമൂലം ഉദ്യോഗാർത്ഥികൾക്കും തൊഴിലന്വേഷകർക്കുമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) | കോഡൂർ ഗ്രാമ പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനങ്ങൾ നേടുന്നതിനും ലഭ്യമാക്കുന്നതിനും ഉള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് കോഡൂർ ഗ്രാമപഞ്ചായത്തിനെ മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ അധികാര പരിധിയിൽ ഉൾപ്പെടുത്തുന്നതിന്, അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കോഡൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ എംപ്ലോയ്മെന്റ് രജിസ്ട്രേഷനുകളും മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (സി) | എങ്കിൽ അതിർത്തി പുനർനിർണയം നടത്തി കോഡൂരിനെ മലപ്പുറം ടൗൺ എക്സ്ചേഞ്ചിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ